DESPATCHED
On. 06/02/ 2020
17.1.20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.358(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.8114/SIC-Gen5/2017**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ആർ. അയ്യപ്പൻ പിള്ള,<br>ലക്ഷ്മി നഗർ II,<br>തെക്കേവിള പി.ഒ.,<br>കൊല്ലം - 691 013. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ലീഗൽ അഡ്വൈസർ &ഡിസിപ്ലിനറി എൻക്വയറി<br>ഓഫീസറുടെ കാര്യാലയം, വൈദ്യുതി ഭവനം,<br>പട്ടം, തിരുവനന്തപുരം. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/03/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07/04/2017 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 06/06/2017 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 14/06/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/07/2017 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 17/07/2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16/01/2020 - സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ആർ. അയ്യപ്പൻ പിള്ള, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ല എന്നും ആയത് ലഭിക്കുവാൻ എൽ.എ.&ഡി.ഇ.ഒ., വി.ബി., പട്ടം ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചു മറുപടി ലഭിച്ചിരുന്നു എന്നും എന്നാൽ 1 മാസം കഴിഞ്ഞിട്ടും എൽ.എ.&ഡി.ഇ.ഒ. ഓഫീസിൽ നിന്നും രേഖകൾ ലഭിച്ചിട്ടില്ല എന്നും ഇക്കാര്യത്തിൽ ഒന്നാം അപ്പീൽ അധികാരിയുടെ വിലാസം ലഭ്യമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ല എന്നും മറ്റുമാണ്.

2. കെ.എസ്.ഇ.ബി. ചീഫ് ഇന്റേണൽ ഓഡിറ്റർ & എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പൊതു മേഖലാ

സ്ഥാപനങ്ങളെ കുറിച്ചുള്ള കൺട്രോളർ & ആഡിറ്റ് ജനറൽ ഓഫ് ഇൻഡ്യയുടെ ആഡിറ്റ് പാര 3.8 പ്രകാരമുള്ള റിപ്പോർട്ടിനെ തുടർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് എടുത്ത തുടർനടപടികളുടെ പകർപ്പ് വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ. & സ്പെഷ്യൽ ഓഫീസർ (ആഡിറ്റ്) നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മേൽപ്പടി ഓഫീസിൽ ലഭ്യമല്ല എന്നും ആയതിനാൽ ആയത് ല്യമാക്കുന്നതിലേയ്ക്കായി ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസിറുടെ കാര്യാലത്തിലേക്ക് ഹർജിക്കാരന്റെ അപേക്ഷ അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

3. അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ & പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, 'ലോ' സെക്ഷൻ കെ.എസ്.ഇ.ബി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് കോർപ്പറേറ്റ് ഓഫീസിലെ (ആഡിറ്റ്) പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും ലഭിച്ചിരുന്നു എന്നും മേൽപ്പടി അപേക്ഷയിൽ പരാമർശിച്ച വിഷയം കോർപ്പറേറ്റ് ഓഫീസ് ആഡിറ്റുമായി ബന്ധപ്പെട്ടവയായിരുന്നു എന്നും ആയതിനാൽ ഹർജിക്കാരന് മറുപടി നൽകുന്നതിലേയ്ക്കായി 9.6.2017-ലെ ആർ.ഐ.എ.008/17-18 നമ്പർ കത്തുപ്രകാരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്പെഷ്യൽ ഓഫീസർ (ആഡിറ്റ് റിപ്പോർട്ട് ഇന്റർഫേസ് (സി.ഐ.എ) )-ക്ക് സമർപ്പിച്ചു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ആഡിറ്റ് റിപ്പോർട്ട് ഇന്റർഫേസുമായി ബന്ധപ്പെട്ടതായിരുന്നു എന്നും ആയതുപ്രകാരം ഹർജിക്കാരന് മറുപടി നൽകുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് മേൽപ്പടി ഓഫീസിലേക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നും കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മേൽപ്പടി ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ലെങ്കിൽ ഹർജിക്കാരന് ബന്ധപ്പെട്ട അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us